പിൻവലിക്കുകയുള്ളു എന്നു കരുതുന്നു. തേയ്മാനക്കരുതൽ റിക്ഷേപത്തിൽ നിന്നും ഒരു കോടി രൂപാ പിൻവലിക്കുന്നതിനു സംസ്ഥാന ഗവൺമെൻറ് കേരളാ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും കോർപ്പറേഷന് തന്നാണ്ടിൽ 50 ലക്ഷം രൂപ മാത്രമേ ആവശ്യമായി വരികയുള്ളു എന്നും ബാക്കി അടുത്ത വർഷം മാത്രമേ വേണ്ടിവരികയുള്ളു എന്നും പ്രതീക്ഷിക്കുന്നു.

എല്ലാ ഇടപാടുകളുടേയും ഫലമായി 19.46 കോടി രൂപയുടെ കമ്മി നടപ്പുവർഷത്തിൽ പ്രതീക്ഷിക്കപ്പെടുന്നു. 5.72 കോടി രൂപ നീക്കിയിരിപ്പോടുകൂടി ആരംഭിച്ച നടപ്പുവർഷം 13.74 കോടി രൂപായുടെ കമ്മിയോടുകൂടി അവസാനിക്കുമെന്നാണു കണക്കാക്കപ്പെടുന്നത്.

1970–71–ലെ ബഡ്ജറ് എസ്റിമേറ്

റവന്യൂ:

1970–71–ൽ 144.47 കോടി രൂപ വരവു പ്രതീക്ഷിക്കുന്നു. കേന്ദ്രനികുതി വിഹിതത്തിൽ സംസ്ഥാനത്തിനു ലഭിക്കുന്ന 27.88 കോടി രൂപ 1969–70–ലെ പുതുക്കിയ എസ്റിമേറിനെക്കാൾ 3.17 കോടി രൂപ കൂടുതലാണ്. 64.77 കോടി രൂപയാണു സംസ്ഥാനത്തെ നികുതി ഇനങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നത്. ഇത് 1969–70–ലെ വരവിനെക്കാൾ 3.78 കോടി രൂപ കൂടുതലാണ്. മോട്ടോർ വാഹന നികുതി, സ്റാമ്പ്, വിദ്യുച്ഛക്തി തീരുവകൾ രജിസ്ട്രേഷൻഫീസ് മുതലായ ഇനങ്ങളിൽ, സാധാരണയായിട്ടുള്ള വരവു വർദ്ധന കണക്കിലെടുത്തതാണ് ഇതിനു കാരണം. വിൽപ്പന നികുതിയിലുള്ള അധികവരുമാനമായ 2.28 കോടി രൂപ ഏതാണ്ട് 7 ശതമാനം വർദ്ധന കാണിക്കുന്നു. ഇതു മൊത്തം സംസ്ഥാനനികുതി വരവുകളുടെ 50 ശതമാനവുമാണ്. കാർഷികാദായ നികുതിയിലും, സംസ്ഥാന എക്സൈസ് തീരുവകളിലും വലിയ വ്യതിയാനങ്ങളില്ല. വ്യാജവാറ് തടയുന്നതിനും എക്സൈസ് ലേലം മുഖാന്തിരം കൂടുതൽ വരുമാനം സമ്പാദിക്കുന്നതിനും സത്വര നടപടികളും കൈക്കൊള്ളാത്ത പക്ഷം എക്സൈസ് തീരുവയിൽ കുറവു വന്നേക്കാം.

നികുതിമൂലം അല്ലാത്ത വരുമാനങ്ങളിലുള്ള വർദ്ധന അത്ര പ്രകടമല്ല. വനം വകുപ്പിൽ 25 ലക്ഷം രൂപ കൂടുതൽ വരവു പ്രതീക്ഷിക്കുന്നു. ലോട്ടറി രംഗത്ത് നേരിടേണ്ടിയിരിക്കുന്ന തീക്ഷ്ണമായ മൽസരം കാരണം എജൻറൻമാരുടെ കമ്മീഷൻ കഴിച്ചുള്ള അറ്റാദായം കുറയാൻ സാദ്ധ്യതയുണ്ട്.

കേന്ദ്രത്തിൽനിന്നും സംസ്ഥാന പഞ്ചവൽസരപദ്ധതി വിഹിതത്തിലേക്കു കിട്ടുന്ന ഗ്രാൻറ് 9.53 കോടിയായി കണക്കാക്കിയിരിക്കുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 3.49 കോടി രൂപയും പ്രതീക്ഷിക്കുന്നു.

ചെലവ്:

റവന്യൂ അക്കൗണ്ടിലെ ചെലവ് 157.95 കോടിയായി കണക്കാക്കിയിരിക്കുന്നു. പ്ലാനിൽ പെടാത്ത ഇനങ്ങളിൽ മൊത്തത്തിൽ ഉണ്ടാകുന്നവർദ്ധന 4 ശതമാനം മാത്രമാണ്. ഇതിനു കാരണം, ബഡ്ജറ് എസ്റിമേറുകൾ തയ്യാറാക്കുമ്പോൾ ചെലവുചുരുക്കലിൻെറ ആവശ്യകതകൂടികണക്കിലെടുത്തതാണ്.

റവന്യൂ അക്കൗണ്ടിനു പുറമേയുള്ള മൂലധനചെലവ് 18.62 കോടി രൂപയാണ്. ഇതിൻെറ സിംഹഭാഗവും പ്ലാനിൽപ്പെട്ട പദ്ധതികൾക്കായാണ്.

LIBRARY ARCHIVES Kerala Legislative Assembly